8. പ്രോജക്ട് അംഗീകാര നടപടി കൂടുതൽ ലളിതമാക്കി. പ്രോജക്ട് അംഗീകാരത്തിനുള്ള സാങ്കേതിക ഉപദേശക സമിതിയെ ഒഴിവാക്കുകയും അംഗീകാര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥന്റെ ചുമതലയിലാക്കുകയും ചെയ്തു.

9. പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കുമുള്ള പരാതി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിച്ചു.

## വില്ല്യാപ്പള്ളിയിലെ ടാഗോർ വായനശാല കെട്ടിടം

251 (3458) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി ഫണ്ടിൽപ്പെടുത്തിയിട്ടുള്ള വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ടി പ്രൊപ്പോസലിന് ഭരണാനുമതി നൽകാനുള്ള ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഭരണാനുമതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടുന്നതിനായി ഈ വിഷയം കൈകാര്യം ചെയ്യുന്ന ഇ-ഫയൽ നമ്പർ 383/ഡിബി2/15/തസ്വഭവ സമർപ്പണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly